പത്രക്കുറിപ്പ്

**21.01.2019**

# ബി.പി.സി.എല്ലിനു കീഴിലെ പെട്രോൾ പമ്പുകളിൽ വഴിയോര സേവന കേന്ദ്രങ്ങൾ നടത്താൻ കുടുംബശ്രീ വനിതകൾക്ക് അവസരം

## ധാരണാപത്രം ഒപ്പുവച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.പി.സി.എൽ)കീഴിലുള്ള പെട്രോൾ പമ്പുകളിൽ ആരംഭിക്കുന്ന വഴിയോര സേവന കേന്ദ്രങ്ങളുടെ നടത്തിപ്പിന് കുടുംബശ്രീ വനിതകൾക്ക് അവസരമൊരുങ്ങുന്നു. പമ്പുകളിലെത്തുന്ന യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായാണിത്. ഇതിന്റെ ഭാഗമായി കുടുംബശ്രീ വനിതകൾ മുഖേന മെച്ചപ്പെട്ട രീതിയിലുള്ള ശുചിമുറി നടത്തിപ്പിനുള്ള സൗകര്യമൊരുക്കും. കൂടാതെ പമ്പുകളോട് ചേർന്ന് ചായ, കാപ്പി എന്നീ പാനീയങ്ങളും ലഘുഭക്ഷണങ്ങൾ, മാസിക, പത്രം, മൊബൈൽ റീചാർജിംഗ് എന്നിവയടക്കമുള്ള സേവനങ്ങൾ ലഭ്യമാകുന്ന ഷോപ്പും നടത്തും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ബി.പി.സി.എൽ ടെറിട്ടറി മാനേജർ ഹരികിഷൻ. വി.ആർ എന്നിവർ ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവച്ചു.

മെച്ചപ്പെട്ട രീതിയിലുള്ള ശുചിമുറി നടത്തിപ്പും അതോടൊപ്പം പെട്രോൾ പമ്പുകളിലെത്തുന്ന യാത്രകൾക്ക് മിതമായ നിരക്കിൽ പാനീയങ്ങളും ലഘുഭക്ഷണവും ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ കുടുംബശ്രീ വനിതകൾക്ക് മാന്യമായ ഉപജീവനമാർഗം ഒരുക്കുക എന്നതാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ ആറളംമൂട്, തോന്നയ്ക്കൽ, ആലപ്പുഴ ജില്ലയിൽ കായംകുളം എന്നിങ്ങനെ മൂന്നിടങ്ങളിലാണ് ഇപ്പോൾ ബി.പി.സി.എൽ പമ്പുകളോട് ചേർന്ന് വഴിയോര സേവന കേന്ദ്രങ്ങൾ തുടങ്ങുന്നത്. കുടുംബശ്രീ സൂക്ഷ്മസംരംഭ മാതൃകയിലായിരിക്കും ഇവയുടെ പ്രവർത്തനം. ഓരോ യൂണിറ്റിലും നാല് സ്ത്രീകൾ വീതം ഉണ്ടാകും. നിലവിൽ 12 പേരെയാണ് ഈ പമ്പുകളിൽ ശുചിമുറി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ളത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇവർക്കു വിദഗ്ധ പരിശീലനം നൽകിയ ശേഷമായിരിക്കും പമ്പുകളിൽ നിയമിക്കുക.

നിലവിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിൽ എല്ലാ ജില്ലകളിലുമായി 63 പമ്പുകളിൽ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ശുചിമുറി നടത്തിപ്പ് ഏറ്റെടുത്തു ചെയ്യുന്നുണ്ട്. ഇതോടൊപ്പം വിവിധ മേഖലകളിൽ ഹൗസ്കീപ്പിംഗ്, റെയിൽവേ പാർക്കിംഗ്, റെയിൽവേ സ്റ്റേഷനുകളിലെ എ.സി. വെയിറ്റിംഗ് റൂം മാനേജ്മെന്റ് എന്നീ മേഖലകളിലും കുടുംബശ്രീ വനിതകൾ പുലർത്തുന്ന മികവു കൂടി പരിഗണിച്ചാണ് ഇപ്പോൾ ബി.പി.സി.എല്ലിനു കീഴിലെ പെട്രോൾ പമ്പുകളിൽ വഴിയോര സേവന കേന്ദ്രങ്ങളുടെ നടത്തിപ്പിന് അവസരം ലഭിച്ചത്.

പരിപാടിയിൽ ബി.പി.സി.എൽ സ്റ്റേറ്റ് ഹെഡ് വെങ്കിട്ടരാമൻ അയ്യർ, ടെറിട്ടറി മാനേജർ മനോജ് കണ്ണാരിൽ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ നിരഞ്ജന എൻ.എസ്, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ രേണു ജോർജി, സജിത്, സൈവീർ റെഡ്ഡി എന്നിവർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഫോട്ടോ-അടിക്കുറിപ്പ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ബി.പി.സി.എൽ ടെറിട്ടറി മാനേജർ ഹരികിഷൻ. വി.ആർ എന്നിവർ ധാരണാപത്രം കൈമാറുന്നു